മി. സ്പീക്കർ : ഓർഡർ, ഓർഡർ, ഒരു കാര്യം വളരെ വിനയസമേതം ചെയർ ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തീർച്ചയായിട്ടും ഒരു പാർലമെന്ററി സിസ്റ്റത്തിൽ ഗവൺമെന്റിന്റെ നടപടികളിൽ, മന്ത്രിമാരുടെ നടപടികളിൽ, നയങ്ങളിൽ വിയോജിപ്പ് പ്രകടിപ്പിക്കാനും ഡിസന്റ് പറയാനുമുള്ള അവകാശം തീർച്ചയായും പ്രതിപക്ഷത്തിനുണ്ട്. അതിനുള്ള അവസരങ്ങളുണ്ടാകണമെന്നുള്ള കാര്യത്തിൽ ചെയറിന് യാതൊരു സംശയവുമില്ല. ഇതിനകത്ത് തീർച്ചയായും നമ്മുടെ സഭയുടെ കീഴ്വഴക്കങ്ങളും നടപടിച്ചട്ടങ്ങളുമനുസരിച്ച്, ചട്ടപ്രകാരം കഴിയാവുന്നത്ര സമയപരിധിക്കകത്തുനിന്നുകൊണ്ട് ഏതു പ്രശ്നത്തെക്കുറിച്ചും ചർച്ച ചെയ്യാൻ അവസരങ്ങളും കൊടുക്കുക എന്ന സമീപനമാണ് ചെയർ സ്വീകരിച്ചിട്ടുള്ളത്. തീർച്ചയായിട്ടും പൊതു പ്രാധാന്യമുള്ള ഏതു പ്രശ്നത്തെക്കുറിച്ചായാലും ചർച്ച ചെയ്യാനുള്ള സന്ദർഭങ്ങളുണ്ടാകേണ്ടത് ആവശ്യമാണ്. അതിന് സമയപരിധി ഒരു ഘടകമാണെങ്കിൽപോലും അതിനുള്ള അവസരം കൊടുക്കണമെന്നാണ് ചെയറിന്റെ നിലപാട്. ചട്ടപ്രകാരം അതിനുള്ള സന്ദർഭങ്ങളും നിഷേധിക്കപ്പെട്ടു കഴിഞ്ഞാൽ മറ്റു മാർഗ്ഗങ്ങളില്ലെങ്കിൽ ഏതെങ്കിലും രീതിയിൽ ഡിസന്റ് പോകുന്നത് മനസ്സിലാക്കാൻ സാധിക്കും. ഈ സമ്മേളനത്തിൽ സബ്മിഷൻ അനുവദിക്കുന്നത് അങ്ങേയറ്റം ശ്രമകരമായ ഒരു കാര്യമാണ്. അതുകൊണ്ട് സബ്മിഷൻ മുഖാന്തിരമായാലും ചോദ്യങ്ങൾ മുഖാന്തിരമായാലും വിവരങ്ങൾ ശേഖരിച്ചുതരുന്നത് അത് ഏതെങ്കിലും മന്ത്രിമാരുടേയോ ആംക്കാരുടേയോ വ്യക്തിപരമായ പ്രശ്നമല്ല. സഭയ്ക്കു വേണ്ടി വിവരം ശേഖരിച്ചു തരുന്നതാണ്. സഭവഴി ജനങ്ങൾ അറിയേണ്ടതാണ്. അതിന് അവസരം നിഷേധിക്കുന്നത് തീർച്ചയായും ഉചിതമല്ലായെന്നാണ് ചെയറിന്റെ അഭിപ്രായം. ഏതായാലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും കക്ഷിനേതാക്കൻമാരും ഈ കാര്യത്തെക്കുറിച്ച് പുനഃപരിശോധന നടത്തണം. വിശദമായ ചർച്ച ബിസിനസ് അഡ്വൈസറി കമ്മിറ്റി മീറ്റിങ്ങിലോ കക്ഷി നേതാക്കൻമാരുടെ മീറ്റിങ്ങിലോ നടത്താവുന്നതാണ്. ഒരു മെമ്പറെ സംബന്ധിച്ചിടത്തോളം ആ മെമ്പർക്ക് അഭിപ്രായം പറയാനും സബ്മിഷൻ കൊടുത്തുകഴിഞ്ഞാൽ ഉത്തരം ലഭിക്കാനും അവകാശമുണ്ട്. ആ അവകാശം നിഷേധിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന ഒരു ബുദ്ധിമുട്ട് സഭയുടെ അവസരങ്ങളും അവകാശങ്ങളും സ്വയം ഇല്ലാതെ വരുത്തുന്നതാണ്. അതുകൊണ്ട് ഈ സഭയുടെ അന്തസ്സിന് ക്ഷതമേൽക്കാവുന്ന ദൗർഭാഗ്യകരമായ പ്രവർത്തനങ്ങൾ ഒഴിവാക്കി സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ നമുക്ക് ശ്രമിക്കാം.

(11) ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയ കുവൈറ്റികളുടെ കേരള സന്ദർശനം

ശ്രീ. ഇ. കെ. നായനാർ : സർ, ഇന്നലെ ഇവിടെ കുവൈറ്റിലെ രണ്ട് പൗരൻമാരെ സംബന്ധിച്ച്, ബ്ലാക്ക്ലിസ്റ്റിൽ പെടുത്തിയ രണ്ട് പൗരൻമാർക്ക് നൽകിയ സ്വീകരണത്തെ സംബന്ധിച്ച് ചർച്ചചെയ്തു. അതിനു ശേഷം മുഖ്യമന്ത്രിക്ക് ഞങ്ങൾ പ്രതിപക്ഷനേതാക്കൻമാർ ഒരു അഭ്യർത്ഥന നൽകിയിട്ടുണ്ട്. അതായത് അതു സംബന്ധിച്ച് ഈ സഭ ചർച്ച ചെയ്തിട്ട് ഭൂരിപക്ഷമുണ്ടെങ്കിൽ തള്ളുക – അതല്ലെങ്കിൽ സ്വീകരിക്കുക. ഇവിടത്തെ രണ്ടു മന്ത്രിമാർ ആഭ്യന്തര വകുപ്പുമന്ത്രിക്ക് പുറമേയുണ്ട്. ആഭ്യന്തര വകുപ്പു മന്ത്രിക്ക് 1985 ജൂൺമാസം ഇതിനെ സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും നോട്ട് കിട്ടി. അദ്ദേഹം പോലീസിന്റെ കൈയ്യിലാണ് ക്ലിപ്പിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

നാലു ഞൊണ്ണൻ പോലീസുകാരെ സസ്പെൻഡ് ചെയ്തു, മലപ്പുറത്തു ഒരു വാര്യരെ സ്ഥലംമാറ്റി. വാര്യർക്ക് ഇതുമായി വല്ല ബന്ധവുമുണ്ടോ? സ്ഥലംമാറ്റം ഒരു ശിക്ഷയാണോ? അതിന്റെ പ്രധാന ഉത്തരവാദി ഹോം മിനിസ്റ്ററാണ്. ആഭ്യന്തരവകുപ്പിന് നോട്ട് കിട്ടിയാൽ കോൺസ്റ്റബിളിന്റെ പേരിലാണോ കുറ്റം? അതോ എസ്. പി. യുടെ പേരിലാണോ കുറ്റം? ആഭ്യന്തരവകുപ്പിന്റെ പേരിലാണ് കുറ്റം. ആഭ്യന്തര വകുപ്പിന് 1985 ജൂൺമാസം നോട്ട് കിട്ടി, ഇവർ ബ്ലാക്ക്ലിസ്റ്റിൽപ്പെട്ടവരാണെന്ന്. ഇവിടെ വന്ന സമയത്ത് അവർക്ക് വിസ ഇല്ല. അതേ സമയത്ത് ഇന്നത്തെ ഈ പ്രശ്നം ഇവിടെ വന്നപ്പോൾ മുഖ്യമന്ത്രി അതിനെ ന്യായീകരിക്കാൻ ശ്രമിച്ചു. പുറമേനിന്നു വന്നവർക്ക് ഇവിടെ പേയിംഗ് ഗസ്റ്റായി താമസിക്കാൻ സൗകര്യമുണ്ടെന്ന്. ഇവിടെ ആരുടെ കീശയിലാണ് പേ പോയതെന്നതിനെക്കുറിച്ച് എനിക്കറിഞ്ഞുകൂടാ. ഈ പേ ഉണ്ടല്ലോ, അത് പോയ കീശ വേറെയാണ്. അതിൽ മന്ത്രിമാരും അല്ലാത്തവരുമുണ്ടാകും. അതുതന്നെയാണ് ഞാൻ ഇന്നലെ ആരോപണം ഉന്നയിച്ചത്.. ഞാൻ പറഞ്ഞു, ഇന്നലെ മന്ത്രിമാർ അവർക്ക് ഒരു സ്വീകരണം നൽകിയെന്ന്. അതുപോലെതന്നെ ഗവൺമെന്റിന്റെ ദേശീയപതാക പറപ്പിച്ചു. ഇല്ലായെന്ന് ഇവിടെ ഒരു സുഹൃത്ത് നിഷേധിക്കുകയും ചെയ്തു. പക്ഷേ ഈ രണ്ടു കാർ—മൂന്ന് ആണെന്നാണ് ഞാൻ ഇന്നലെ ഇവിടെ പ്രസ്താവിച്ചിരുന്നത്. രണ്ടു കാർ ഇവിടത്തെ ടൂറിസം ഡിപ്പാർട്ടുമെന്റിന്റേയും, ഒരു കാർ, നമ്മുടെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദിന്റേയും. അങ്ങനെ മൂന്നു കാർ ആണ്.. ആ രണ്ടു കാറിന് 3,000 രൂപ അവർ വാടക അടച്ചു. അതിന്റെ സർക്കുലറും നോട്ടും ഇവിടെയുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് Free travel—by Courtesy Industries Minister. ഫ്രീ ട്രാവലാണ്. അതിന് പൈസ വാങ്ങിച്ചിട്ടില്ല. അതേ സമയത്ത് ബഹുമാനപ്പെട്ട ഇ. അഹമ്മദ് പറഞ്ഞു ഞാൻ തേയില സൽക്കാരം കൊടുത്തിട്ടില്ലെന്ന്. പക്ഷേ സൽക്കാരത്തിൽ പങ്കെടുത്തിട്ടില്ലായെന്ന് പറഞ്ഞിട്ടില്ല.

മി. സ്പീക്കർ : അങ്ങ് ഇന്നു ചെയറിനു തന്ന പോയിന്റ്, ഇത് ചർച്ച നടത്തണമെന്ന് പ്രതിപക്ഷ നേതാക്കൻമാർ ഒപ്പിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്തിരുന്ന ആ പോയിന്റ് റെയ്സ് ചെയ്യാനായിട്ടാണ്. ഡീറെയിൽസിലേക്ക് പോകേണ്ട (ബഹളം) ചർച്ച ചെയ്യണമെന്നുള്ള അങ്ങയുടെ പോയിന്റ് അങ്ങുന്നയിക്കൂ, അതിനുശേഷം അതിന്റെ പ്രതികരണം കേൾക്കൂ.

ശ്രീ. ഇ. കെ. നായനാർ : സർ, എന്റെ കയ്യിൽ വേറെ പോയിന്റ് ഉണ്ട്. ഈ പൈസ വാങ്ങിയ പോയിന്റൊക്കെ എന്റെ കയ്യിലുണ്ട്. അത് ഞാനിപ്പോൾ പറയുന്നില്ല. ചർച്ച വന്നാൽ പറയാം. മാത്രമല്ല ഇന്നലെ റേഡിയോയിലുണ്ടായിരുന്നത്; (ശ്രീ. ഇ. അഹമ്മദ് തേയില സൽക്കാരം കൊടുത്തിട്ടില്ലായെന്നാണ്. അതുപോലെ ശ്രീ. യു. എ. ബീരാനും കൊടുത്തിട്ടില്ലായെന്നു പറഞ്ഞു. അതുകൊണ്ട് ഈ 3 മന്ത്രിമാർക്കെതിരായി ശക്തമായ നടപടി മുഖ്യമന്ത്രി എടുക്കണം. മുഖ്യമന്ത്രി ഈ കാര്യം വ്യക്തമാക്കണം. രാംസ്വരൂപിന്റെ കേസ് വന്നപ്പോൾ 2 കേന്ദ്രമന്ത്രിമാർ രാജിവച്ചു. രാംസ്വരൂപിന്റെ കേസ് വിചാരണ കഴിഞ്ഞിട്ടില്ല. ഇവിടെ ഈ കേസ് വന്നപ്പോൾ 3 മന്ത്രിമാരേയും പുറത്താക്കേണ്ടതായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ പ്രശ്നത്തിൽ എന്തെങ്കിലും കാര്യം ജനങ്ങളിൽനിന്ന് ഒളിച്ചുവയ്ക്കാൻ ഗവൺമെന്റാഗ്രഹിക്കുന്നില്ല. ഇന്നലെ സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നമില്ലെന്നുള്ളതാണ് ഗവൺമെന്റ് സൂചിപ്പിച്ചത്. ഇതിനെ സംബന്ധിച്ച് ഈ സഭയും

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തെ ജനങ്ങളും അറിയുന്നതിനുവേണ്ടി ഒരു ചർച്ച സഹായകമാകുമെന്നുണ്ടെങ്കിൽ അതിനെ സ്വാഗതം ചെയ്യുന്നു. ഗവൺമെൻറ് അതിന് സന്നദ്ധമാണ്.

മി. സ്പീക്കർ : ഇത് ചർച്ച ചെയ്യണമെന്നുള്ള ആവശ്യം പ്രതിപക്ഷ നേതാവുന്നയിച്ചു. അത് സ്വാഗതാർഹമാണ്, ചർച്ച ചെയ്യാമെന്ന സഭാ നേതാവും സമ്മതിച്ചു. ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി ഇതിന്റെ ചർച്ച എപ്പോൾ വേണമെന്നുള്ളത് തീരുമാനിക്കാം.

IV റിപ്പോർട്ടുസമർപ്പണം

(1) കാര്യോപദേശക സമിതിയുടെ പതിനെട്ടാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : പരിഗണന നാളെയാണ്. ഇപ്പോൾ റിപ്പോർട്ട് പ്രസന്റ് ചെയ്യുന്നതു മാത്രമേയുള്ളൂ. ഇന്നലെ ഇതിന്റെ ഫൈനൽ തീരുമാനം എടുക്കുന്ന സമയത്ത് പ്രതിപക്ഷകക്ഷികളിലെ നേതാക്കൻമാർ ഉണ്ടായിരുന്നില്ല. അതുകൊണ്ട് അതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ആവശ്യമായ സമയം കിട്ടുന്നതിനുവേണ്ടി നാളേയ്ക്കാക്കി എന്നു മാത്രമേയുള്ളൂ.

ശ്രീ. ബേബിജോൺ : ഗവൺമെൻറിനുവേണ്ടി സഭാ നേതാവ് അവതരിപ്പിക്കുന്ന ഒരു പ്രമേയമാണിത്. ഇത് തീരുമാനമല്ല. സഭ അംഗീകരിച്ചാൽ മാത്രമേ അത് തീരുമാനമാവുകയുള്ളൂ. അതിനുവേണ്ടി സഭയുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുമുണ്ട്. ഇതുവരെയുള്ള കീഴ്വഴക്കങ്ങളനുസരിച്ച് ഇങ്ങനെയൊന്ന് അവതരിപ്പിച്ചാൽ അതുടനേതന്നെ പാസ്സാക്കുന്നതാണ്.

മി. സ്പീക്കർ : അതാണ് പതിവ്.

ശ്രീ. ബേബിജോൺ : അതിൽനിന്ന് വ്യത്യാസം വരാനെന്താണ് കാരണം?

മി. സ്പീക്കർ : വ്യത്യാസമായി ഒന്നുമില്ല. ഇതിനകത്ത് കൂടുതൽ ഒബ്ജക്ഷൻ വരാതിരിക്കാൻ ലജിസ്ലേച്ചർ സെക്രട്ടേറിയറ്റ് തീരുമാനിച്ചതാണ്; സ്പീക്കർ തീരുമാനിച്ചതാണ്. കാരണം റിപ്പോർട്ട് പരിശോധിച്ച് ഭേദഗതികളുണ്ടെങ്കിൽ പറയാനുള്ള അവസരംകൂടി ഉണ്ടാക്കാൻ മാത്രമാണ് അങ്ങനെ തീരുമാനിച്ചത്. അതിനകത്ത് വേറെഒന്നുമില്ല.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനേഴാമതു റിപ്പോർട്ട്

ശ്രീ. എ. സി. ജോസ് : എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) ഹരിജികനം സംബന്ധിച്ച സമിതിയുടെ നാലാമതു റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ്ജ് : ഹരിജികനം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly